**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2803 — 17.10.2016 ൽ മറുപടിക്ക്

## നെന്മാറ നിയോജക മണ്ഡലത്തിലെ സർക്കാർ ആശുപത്രികളുടെ പ്രവർത്തനം

| ചോദ്യം<br>ശ്രീ.കെ. ബാബു | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | നെന്മാറ നിയോജക മണ്ഡലത്തിലെ സർക്കാർ ആശുപത്രികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. ജില്ലാതല പ്രതിമാസ അവലോകന യോഗങ്ങൾ, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, രോഗ സ്ഥിതിവിവര കണക്കുകളുടെ അപഗ്രഥനം, ബ്ലോക്ക് തല പ്രതിമാസ അവലോകന യോഗങ്ങൾ, ജില്ലാ തല പരിശോധനകൾ മുതലായ പ്രവർത്തനങ്ങളിലൂടെ നെന്മാറ മണ്ഡലത്തിലെ ആശുപത്രികളുടെ പ്രവർത്തനം വിലയിരുത്തുകയും വീഴ്ചകൾ ഉണ്ടെങ്കിൽ ഉടൻ പരിഹരിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) | ഓരോ ആശുപത്രികളിലും നിലവിൽ ഒ.പി. വിഭാഗം പ്രവർത്തിക്കുന്നത് ഏതൊക്കെ ദിവസങ്ങളിലാണെന്ന് വിശദമാക്കുമോ; | (ബി) | നെന്മാറ നിയോജക മണ്ഡലത്തിലെ നെന്മാറ, കൊട്ടുവായൂർ, കൊല്ലങ്കോട്, മുതലമട എന്നീ സർക്കാർ ആശുപത്രികളിൽ എല്ലാ ദിവസവും ഒ.പി.പ്രവർത്തിക്കുന്നുണ്ട്. ബാക്കി സ്ഥാപനങ്ങളിൽ ഞായർ, മറ്റു പൊതു അവധി ദിവസങ്ങൾ എന്നിവയൊഴികെയുള്ള ദിവസങ്ങളിൽ ഒ.പി.വിഭാഗം പ്രവർത്തിക്കുന്നുണ്ട്. |
| (സി) | ഓരോ ആശുപത്രിയിലും ശരാശരി എത്ര പേർ ഒ.പി. വിഭാഗത്തിൽ എത്തുന്നുണ്ടെന്ന് വിശദമാക്കുമോ; | (സി) | നെൻമാറ നിയോജക മണ്ഡലത്തിലെ ആശുപത്രികളിലെ ശരാശരി ഒ.പി.താഴെ പറയും പ്രകാരമാണ്. |

| സ്ഥാപനം | ഒ.പി (ശരാശരി) |
|---|---|
| സാമൂഹിക ആരോഗ്യ കേന്ദ്രം, നെൻമാറ | 600 |
| പ്രാഥമിക ആരോഗ്യ കേന്ദ്രം, അയിലൂർ | 80 |
| പ്രാഥമിക ആരോഗ്യ കേന്ദ്രം, നെല്ലിയാമ്പതി | 95 |
| പ്രാഥമിക ആരോഗ്യ കേന്ദ്രം,എലവഞ്ചേരി | 120 |
| പ്രാഥമിക ആരോഗ്യ കേന്ദ്രം, പല്ലശ്ശേന | 115 |
| പ്രാഥമിക ആരോഗ്യ കേന്ദ്രം, കൊല്ലങ്കോട് | 140 |

| | | | | |
|---|---|---|---|---|
| | | | പ്രാഥമിക ആരോഗ്യ കേന്ദ്രം, മുതലമട | 230 |
| | | | പ്രാഥമിക ആരോഗ്യ കേന്ദ്രം, പറമ്പിക്കുളം | 15 |
| | | | സാമൂഹിക ആരോഗ്യ കേന്ദ്രം, കൊട്ടുവായൂർ | 350 |
| (ഡി) | ഓരോ ആശുപത്രികളുടേയും പ്രവർത്തനം വിലയിരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ? | (ഡി) | എല്ലാ ജില്ലാതല മാസാവലോകന യോഗങ്ങളിലും, നെൻമാറ നിയോജകമണ്ഡലത്തിലെ ആശുപത്രികളുടെ പ്രവർത്തനങ്ങൾ (ആശുപത്രികളിലെ സൗകര്യങ്ങൾ, ജീവനക്കാരുടെ ലഭ്യത, ഒ.പി/ഐ.പി. വിവരങ്ങൾ, രോഗപ്രതിരോധ പ്രവർത്തനങ്ങൾ രോഗ സ്ഥിതി വിവര കണക്കുകൾ തുടങ്ങിയവ) വിലയിരുത്തി തുടർനടപടികൾ സ്വീകരിച്ച് വരുന്നു.<br>എല്ലാ മാസങ്ങളിലും നടക്കുന്ന ബ്ലോക്ക്തല മാസാവലോകന യോഗങ്ങളിൽ നെൻമാറ നിയോജക മണ്ഡലത്തിലെ ആശുപത്രികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരാറുണ്ട്.<br>ഇവ കൂടാതെ ആശുപത്രികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്ത്വത്തിൽ ജില്ലാതല പരിശോധന നടത്താറുണ്ട്. ഇതുകൂടാതെ മിനിസ്റ്റീരിയൽ സ്റ്റാഫ്, സൂപ്പർവൈസർ, നേഴ്സുമാർ, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻസ് തുടങ്ങി മറ്റിതര ജീവനക്കാരുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ പൊതുജനങ്ങൾക്ക് നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും ചെയ്യുന്നുണ്ട്. | |

സെക്ഷൻ ഓഫീസർ